# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-925/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-925/2023 തീയ്യതി: 01/11/2023

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു എപ്പെപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 22-07-2023 |
| ശ്രീ. അനിൽ മാത്യു എപ്പെപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 29-07-2023 | 29-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-07-2023 | 22-07-2023 |
| 29-07-2023 | 29-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ധനജയൻ റ്റി.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കൃഷ്ണദാസ് എൻ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി.എം.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റെജി ജോൺസൻ | പ്രസിഡന്റ് | 01-04-2022 | 02-08-2022 |
| സാൻസൻ അക്കക്കാട്ട് | പ്രസിഡന്റ് | 03-08-2022 | 25-08-2022 |
| നിസാ മോൾ | പ്രസിഡന്റ് | 26-08-2022 | 31-03-2023 |
| ഷാജു മാത്യു | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ജിഷ പി.യു | സെക്രട്ടറി | 07-10-2022 | 11-10-2022 |
| അഗസ്റ്റ്യൻ വി.എ | സെക്രട്ടറി | 12-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റാണി ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| നീതു കെ.പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| മെൽഡ ഡെവിഡ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| നിത്യ പി.എസ് | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഐ.ഒ പൗലോസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ ഷാലു കെ.എച്ച് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 30-04-2022 |
| ഡോ.ദീപ റോസ് കെ സാം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-05-2022 | 16-01-2023 |
| ഡോ.ഖയാസ് ഇ.കെ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 17-01-2023 | 31-03-2023 |
| സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സില്ലാ മോൾ മാത്യൂ | അസി.എഞ്ചിനീയർ | 01-04-2022 | 04-09-2022 |
| സാബിതാ ബീഗം | അസി.എഞ്ചിനീയർ | 05-09-2022 | 31-03-2023 |
| ഡോ.ടെല്ലസ് കുര്യൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ജിഷ പി.യു | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. കണ്ണൻ പി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-2 |
| 4 | Stale Cheque ഇനത്തിൽ തുക ചേർത്തിട്ടില്ല | 1-1-3 |
| 5 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-4 |
| 6 | നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 44.60 ശതമാനം മാത്രം | 1-3-1 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | ആസ്തിപരിപാലനം | 1-4-1 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | ക്ഷേമ പെൻഷനുകൾ | 1-6 |
| 14 | ക്യാഷ് പരിശോധന ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 16 | തനത് വരുമാനം -വസ്തു നികുതിയും നികുതി പരിഷ്കരണ നടപടികളും | 1-9 |
| 17 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-10 |
| 18 | വാടക | 1- 11 |
| 19 | വാഹന വാടക- സർക്കാർ പരിധി അതിലംഘിച്ച് തുക ചെലവഴിച്ചു | 1-12 |
| 20 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 21 | മൂല്യനിർണയസാക്ഷ്യപത്രത്തിൽ അധികരിച്ച് ധനസഹായം നൽകി | 1-14 |
| 22 | തരിശുഭൂമി കൃഷി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 23 | നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ- ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 1-16 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിൽ അപാകതകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-17 |
| 25 | കന്നുകുട്ടികളുടെ പരിപാലനത്തിനായി നിക്ഷേപിച്ചതിൽ അവശേഷിക്കുന്ന തുക ലഭ്യമാക്കേണ്ടതാണ്. | 1-17-1 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പരമാവധിയിലും അധികമായി നൽകിയ ധനസഹായം നിരാകരിക്കുന്നു. ₹6668/- | 1-18 |
| 27 | ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി.സഹിതമുള്ള ബിൽ മാറി നൽകി | 1-19 |
| 28 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് ഭക്ഷണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനം | 1-20 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സം | 1-21 |
| 30 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ-ടെണ്ടർ നടപടികളിലെ അപാകതകൾ | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പരമാവധിയിലും അധികമായി നൽകിയ തുക ₹6668/- തിരികേ ഈടാക്കേണ്ടതാണ്. | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്ററർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

തൊടുപുഴ
തീയതി : 01.11.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) (ഇ) പ്രകാരം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, 62(2)(എഫ്) – ലും അക്കൗണ്ട് മാന്വലിലും നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

26.07.2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. Rate Of Depreciation,book Value Of Asset ,Lifetime Of Asset എന്നിവ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 58(4)ജി പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.

### 1-1-3 Stale Cheque ഇനത്തിൽ തുക ചേർത്തിട്ടില്ല

റെനോവേഷൻ ഓഫ് കുറുമ്പാലമറ്റം കയ്യാലപ്പറമ്പ് റോഡ് പദ്ധതിയ്ക്ക് തനത് ഫണ്ടിൽ നിന്നും ₹99,780/- കോൺട്രാക്ടർക്ക് നല്കുന്നതിന് SBI കരിമണ്ണൂർ

ബ്രാഞ്ചിൽ സ്ലിപ്പ്, കത്ത് എന്നിവ നല്കിയെങ്കിലും ബാങ്കിൽ നിന്നും ₹91,780/-ആണ് ഗുണഭോക്താവിന് ട്രാൻസ്ഫർ ചെയ്തത്. അവശേഷിക്കുന്ന ₹8,000/- Stale Cheque ഇനത്തിൽ ചേർത്തിട്ടില്ല.

1-1-4 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income സംബന്ധിച്ച വിവരങ്ങൾ/ജേർണൽ വൌച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-5 നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

(1) ബാലൻസ് ഷീറ്റ് ബി-4 പ്രകാരവും ബാങ്ക് നീക്കിയിരിപ്പ് ബി-17 പ്രകാരവുമുള്ള നീക്കിയിരിപ്പ് വ്യത്യസ്തം. B-17 പ്രകാരം ലൈഫ് സംസ്ഥാന വിഹിതം ₹10,40,629/- നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ B-4 പ്രകാരം ₹11,87,049/- ആണ് നീക്കിയിരിപ്പ്.

(2) 40(b) ലെ ക്ലോസ് ചെയ്ത അക്കൗണ്ട് 710091400000001 ൽ ₹9,500/- നീക്കിയിരിപ്പ് ഉണ്ട്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും, ജനറൽ കമ്മിറ്റിയുടെ 30.03.2022 തീയതിയിലെ 1(1)തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 9-2-2023 തീയതിയിലെ 3(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം ₹ 57,20,739/-യുടെ മുന്നിരിപ്പും ₹144,612,180/-യുടെ വരവും ₹148,999,180/-യുടെ ചെലവും ₹13,33,739/- യുടെ നീക്കിയിരിപ്പും ഉണ്ട്.

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് | ജനറൽ | 0 | 18252000 | 18252000 | 16773833 | |
| | എസ്.സി.പി | 0 | 2174000 | 2174000 | 2016143 | |
| | റ്റി.എസ്.പി | 0 | 372000 | 372000 | 335116 | |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 0 | 3977000 | 3977000 | 1773770 | |
| നോൺ റോഡ് | | 0 | 4570000 | 4570000 | 4516885 | |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് -ടൈഡ് | | 1449381 | 6846620 | 8296001 | 2102062 | 6193939 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് - അൺടൈഡ് | | 1270368 | 2892253 | 4162621 | 2059243 | 2103378 |
| ടോട്ടൽ സാനിറ്റേഷൻ | | 2726476 | 0 | 2726476 | 133649 | 2592827 |
| ഐ.സി.ഡി.എസ് | | 78500 | 896064 | 974564 | 84575 | 889989 |
| തൊഴിലുറപ്പ് പദ്ധതി | ഭരണച്ചെലവ് | 618 | 962067 | 962685 | 921181 | 41504 |
| | കൂലിച്ചെലവ് | | 13872737 | 13872737 | 13872737 | |
| പകർച്ച വ്യാധി ഗ്രാന്റ് | | 5837 | 5693 | 11530 | 4000 | 7530 |
| മൃഗസംരക്ഷണം | | 407828 | 5569 | 413397 | 0 | 413397 |
| സാക്ഷരത | | | | | | 0 |
| ലൈബ്രറി ഗ്രാന്റ് | | 0 | 25250 | 25250 | 25250 | 0 |
| 320300103 ശുചിത്വമിഷൻ ഗ്രാന്റ് | | | | | | 0 |
| ലൈഫ് | | 1187049 | 0 | 1187049 | 0 | 1187049 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 267912 | 267912 | 264726 | 3186 |
| 320800199 | | 181061 | 0 | 181061 | 0 | 181061 |
| പി.എച്ച്.സി | | 0 | 136900 | 136900 | 135000 | 1900 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അങ്കണവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 18252000 | 1362894 | 832200 | 16056906 |
| വികസനഫണ്ട് (SCP) | 2174000 | 501862 | - | 1672138 |
| വികസനഫണ്ട് (TSP) | 372000 | 42566 | - | 329434 |

1-3-1 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 44.60 ശതമാനം മാത്രം

റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹3977000/- ൽ 2022-23 സാമ്പത്തിക വർഷം ₹1773770/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2023-24 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 3977000 | 1773770 | 2203230 | 44.60 | 7,95,400 | 14,07,830 |

1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 206 | 77058471 | 134 | 38160344 | 0 | 72 | 64.56 |

| | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 47 | 40 | 11355531 | 8084437 | 7 | 71.19 |
| 2. | അസി. എൻജിനീയർ | 91 | 38 | 22111808 | 7067226 | 53 | 31.96 |
| 3. | വെറ്ററിനറി സർജൻ | 6 | 5 | 5438316 | 3154924 | 1 | 58.01 |
| 4. | കൃഷി ഓഫീസർ | 6 | 6 | 2308250 | 2089100 | 0 | 90.50 |
| 5. | എം.ഒ.എഫ്.എച്ച്.സി | 13 | 13 | 4838133 | 4620049 | 0 | 95.49 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 4 | 4081351 | 3155036 | 3 | 77.30 |
| 7. | വി.ഇ.ഒ 1 | 5 | 4 | 2015113 | 539156 | 1 | 26.75 |
| 8. | വി.ഇ.ഒ 2 | 9 | 9 | 18073120 | 5529187 | 0 | 30.59 |
| 9. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 700000 | 70046 | 0 | 10.00 |
| 10. | എം.ഒ ആയുർവ്വേദം | 1 | 1 | 500000 | 500000 | 0 | 100 |
| 11. | ഹെഡ്മാസ്റ്റർ | 4 | 4 | 252399 | 252399 | 0 | 100 |
| 12. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 3162040 | 1938452 | 0 | 61.30 |
| 13. | അസി. സെക്രട്ടറി | 15 | 8 | 2222410 | 1160332 | 7 | 52.21 |
| | ആകെ | 206 | 134 | 77058471 | 38160344 | 72 | 49.52 |

ജില്ലാ ആസൂത്രണ സമിതിയുടെ 25/04/2022-ലെ 677/22/DPC/DPO/IDK ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 206 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 134 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അടങ്കൽ തുകയുടെ 49.52 ശതമാനമാണ് ചെലവ് വന്നിട്ടുള്ളത്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 10.01.22, 24.05.22 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും, 25.01.2022, 06.06.2022 എന്നീ തീയതികളിൽ വികസന സെമിനാറും ചേർന്നിട്ടുണ്ട്.

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. ₹77058471/- അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം ₹38160344 ആണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 49.52% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 91 പ്രോജക്ടുകളിൽ 38 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 31.96% തുക മാത്രമാണ് ചെലവഴിക്കാനായത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-4-1 ആസ്തിപരിപാലനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2022-23 വർഷ പദ്ധതി രൂപീകരണത്തിനായി 10.01.2022, 06.05.2022, 24.05.2022 എന്നീ തീയതികളിൽ യോഗം ചേർന്നിരിക്കുന്നു.

എന്നാൽ പ്രസ്തുത കമ്മറ്റി പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 84/2022/ തസ്വഭവ തീയതി.19.04.2023 ഖണ്ഡിക 3-1(ബി)(5) പ്രകാരം ആസ്തികളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കുക, ഖണ്ഡിക 14 പ്രകാരം പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ആസ്തികളുടെ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ ആസ്തിപരിപാലന പ്ലാൻ, കലണ്ടർ എന്നിവ തയ്യാറാക്കി അംഗീകരിച്ചതിന് ശേഷം മാത്രമാണ് പദ്ധതികൾ തയ്യാറാക്കേണ്ടത്. മാത്രമല്ല ഖണ്ഡിക 14(4) ൽ നിർദ്ദേശിക്കും പ്രകാരം ആകെ പ്രോജക്ടുകളുടെ ഒരു ശതമാനം പ്രോജക്ടുകളെങ്കിലും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കും പ്രകാരമുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനവും നടത്താതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്.

മാത്രമല്ല നിലവിലുള്ളതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ ആസ്തികളുടെ മാനേജ്മെന്റ് സംബന്ധിച്ച് പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനങ്ങൾ നടത്തുന്നില്ല. കൂടാതെ അസറ്റ് രജിസ്റ്റർ അപ്ഡേഷൻ നടത്തിയതിൻമേലുള്ള ഭൗതീക പരിശോധന, മോണിട്ടറിംഗ്, റിവ്യൂ എന്നിവയും നടത്തുന്നില്ല.

വികസനഫണ്ട് പൊതുവിഭാഗവും, ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് കെട്ടിടങ്ങൾ, റോഡ്, കൽവർട്ട്, നടപ്പാത എന്നിങ്ങനെയുള്ള പുതിയ ആസ്തികൾ നിർമ്മിക്കുകയും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള ആസ്തികളുടെ മെച്ചപ്പെടുത്തലും നടത്തിയിട്ടുണ്ട്. എന്നാൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ ആർജിച്ച/ മെച്ചപ്പെടുത്തിയ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ഇതിനായി തയ്യാറാക്കിയ സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ പുതുക്കുകയോ ചെയ്യുന്നില്ല. 2019-20 വർഷത്തെ ആസ്തികളുടെ മുന്നിരിപ്പും, നീക്കിയിരിപ്പുമാണ് 2022-23 വർഷത്തിലും മുന്നിരിപ്പും, നീക്കിയിരിപ്പുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ആസ്തി പരിപാലനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/25.07.2023 ന് മറുപടി ലഭ്യമാക്കിയില്ല. ആസ്തികളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ കാലികമാക്കേണ്ടതും സോഫ്റ്റ്‌വെയറിൽ പുതുക്കലുകൾ യഥാസമയം നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ/ മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 618 | 962067 | 962685 | 921181 | 41504 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 14832908 | 14832908 | 14832908 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 2843000 | 242 |
| വിധവാപെൻഷൻ | 5343200 | 493 |
| വാർദ്ധക്യകാലപെൻഷൻ | 17595700 | 1663 |
| വികലാംഗപെൻഷൻ | 2089600 | 192 |
| അവിവാഹിതർക്കുള്ള പെൻഷൻ | 362600 | 35 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് പരിശോധന ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹30839/- (മുപ്പതിനായിരത്തി എണ്ണൂറ്റിമുപ്പത്തി ഒൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലാർക്ക്, അക്കൌണ്ടന്റ്, മൂന്ന് സീനിയർ ക്ലാർക്ക്, മൂന്ന് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ്, ഒരു പി.റ്റി.എസ്. എന്നിങ്ങനെയാണ് സ്റ്റാഫ് വിഭജനം. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശികകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്നാൽ പ്രസിഡന്റ് ഇവ ആധികാരികമാക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുന്നില്ല. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായത് തുടർന്നും പുതുക്കി ലഭ്യമായിട്ടുണ്ട്.

## 1-9 തനത് വരുമാനം -വസ്തു നികുതിയും നികുതി പരിഷ്കരണ നടപടികളും

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളാണുള്ളത്. വസ്തു നികുതിയാണ് പഞ്ചായത്തിലെ പ്രധാന വരുമാനം. ബജറ്റ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ₹65,00,000/- ആണ് പ്രതീക്ഷിത വരുമാനമായി കണക്കാക്കിയിരുന്നത്. സഞ്ചയ പ്രകാരവും വാർഷികക്കണക്ക് പ്രകാരവും ₹5191614/- ആണ് നികുതി വരുമാനം. ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി പിരിവ് ലഭ്യമായിട്ടില്ല. സഞ്ചയ, വാർഷികക്കണക്ക് എന്നിവ പ്രകാരമുള്ള വസ്തു നികുതി വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികക്കണക്ക് പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (തൻവർഷം) | 3065511 | 2823317 | 234831 | 3065511 | 2823317 | 234201 |
| പാർപ്പിടം (കുടിശ്ശിക) | | 643224 | 174621 | 816513 | 643224 | 174262 |
| പാർപ്പിടേതരം (തൻവർഷം) | 1674651 | 1518126 | 153334 | 2674651 | 1674651 | 153295 |
| പാർപ്പിടേതരം (കുടിശ്ശിക) | | 209947 | 294690 | 486778 | 209947 | 276945 |

രജിസ്റ്ററിലെയും സോഫ്റ്റ്‌വെയറിലെയും നികുതി പിരിവുകൾ പൊരുത്തപ്പെടുന്നില്ല. ILGMS വഴി ഓഫീസിൽ സ്വീകരിക്കുന്ന വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്ന വസ്തു നികുതിയുടെ ഡിമാന്റ് അതത് സമയം തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിൽ കുറവ് ചെയ്യപ്പെടുകയും തുക ഗ്രാമപഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഡേറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. നിലവിൽ ഡേറ്റ ലോക്ക് ചെയ്തിരിക്കുകയാണ്. ദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി സംബന്ധമായ മേഖലാ വിഭജനം നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലകൾ സംബന്ധിച്ച് കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആയത് അന്തിമമാകുന്ന മുറയ്ക്ക് വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നമ്പർ 1/19.07.2023 ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 207-ാം വകുപ്പ്, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. നികുതി ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയും നികുതി ചട്ട പ്രകാരം ഈടാക്കുകയും ചെയ്യുന്നുണ്ട്.

തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പുതുക്കിയ വസ്തു നികുതി സർവ്വേ നടത്തി അളന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ഇതിനുള്ള ആളുകൾക്കായുള്ള അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. വസ്തു നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചു കൊണ്ടുള്ള 9A ഫോമും പഞ്ചായത്തിന്റെ അനുവാദം കൂടാതെ നടത്തിയിട്ടുള്ള നിർമ്മാണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള 9B ഫോമും സോഫ്റ്റ്‌വെയറിൽ ലഭ്യമായിട്ടുണ്ട്. 2023 മാർച്ച് മാസം നിലവിലുള്ള കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം 5% വർദ്ധിപ്പിച്ച നികുതിയാണ് നിലവിൽ സ്വീകരിക്കുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

സേവന ഉപനികുതി

2011 ലെ കേ.പ.രാ.(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്തു നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്നും, സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി, സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

1-10 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

വസ്തുനികുതിയുടെ തൻവർഷ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒറ്റ കെട്ടിടത്തെ വിവിധ മുറികളായി വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നല്കിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പിന്റെ 2,7,9 ഉപവകുപ്പുകൾ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ പ്രത്യേകം വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി പെർമ്മിറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ മുറിയും 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതായി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് ₹50/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹70/- നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേരു വിവരം | നിർമ്മാണ പെർമ്മിറ്റ് നം.തീയതി | കെട്ടിട നം. | വിസ്തീർണ്ണം |
|---|---|---|---|
| റോയി പീറ്റർ അങ്ങാടിയത്ത് | B1-4756/17/31-10-2017 | 11/16A | 84.95 |
| റോയി പീറ്റർ അങ്ങാടിയത്ത് | B1-4756/17/31-10-2017 | 11/16B | 37.38 |
| റോയി പീറ്റർ അങ്ങാടിയത്ത് | B1-4756/17/31-10-2017 | 11/ 16C | 98.45 |

ഇപ്രകാരം ഒരേ കെട്ടിടത്തെ വിവിധ മുറികളായി വിഭജിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/തീ.22-07-23) നൽകിയിരുന്നു. അതിന് സമർപ്പിച്ച മറുപടിയിൽ, പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ഈടാക്കിയ വസ്തു നികുതി മുൻവർഷങ്ങളിലേതുൾപ്പടെ പരിഷ്കരിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1- 11 വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 6 കടമുറികളുടെ 2022-23 വർഷത്തെ വാടകയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 1 മുതൽ 4 വരെയുള്ള കടമുറികളിലെ വാടകക്കാരുടെ പേരിൽ ₹200/- യുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തൻവർഷം കരാർ പുതുക്കി നൽകിയിട്ടില്ല.

2) വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കാരുണ്യ പുരുഷ സ്വയം സഹായ സംഘത്തിന് മൊബൈൽ ക്രിമിറ്റോറിയം സൂക്ഷിപ്പിനായി വാടകയ്ക്ക് നൽകിയ 6-ാം നമ്പർ മുറിയുടെ 2019-20 വർഷം മുതലുള്ള വാടക കുടിശികയായ ₹28788/- ഈടാക്കാൻ അവശേഷിക്കുന്നു. 2022-23 വർഷം കരാർ ചമച്ചിട്ടുമില്ല.

3) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ആറാം നമ്പർ മുറി നിലവിൽ വാടകയ്ക്ക് നൽകാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.15/2023 തീയതി 29.07.2023) മറുപടി ലഭ്യമാക്കിയില്ല.

4) വാടകയ്ക്ക് നൽകിയിട്ടുള്ള എല്ലാ മുറികളുടെയും കരാർ യഥാസമയം പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കുടിശ്ശികയായ വാടക അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 വാഹന വാടക- സർക്കാർ പരിധി അതിലംഘിച്ച് തുക ചെലവഴിച്ചു

സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കാവുന്ന തുക സ.ഉ.(സാധാ)നം.2493/2012/തസ്വഭവ തീയതി 03-09-2012 പ്രകാരം ₹75000/- ആണ്. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് തൻവർഷം ഈ ഇനത്തിൽ ₹140788/- ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധി അതിലംഘിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.21-07-23) സമർപ്പിച്ച മറുപടിയിൽ, ജില്ലാ ആസ്ഥാനത്ത് വെച്ചാണ് പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ വകുപ്പ

തല മീറ്റിങ്ങുകൾ നടത്തപ്പെടുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും കൃത്യ സമയത്ത് എത്തിച്ചേരുന്നതിനും കൂടാതെ പഞ്ചായത്തിൽ തന്നെ വിവിധ സ്ഥലങ്ങളിൽ നടത്തുന്ന മറ്റ് കാര്യങ്ങൾക്കുമായി ടാക്സി വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാലാണ് വാടക അധികമായത് എന്ന് അറിയിച്ചു. സർക്കുലർ നമ്പർ 85/2018/ ഫിൻ തീയതി 15-09-2018 പ്രകാരം വാഹന ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ സർക്കാരിൽ നിന്നുള്ള പ്രത്യേക അനുമതിയോടെ ദീർഘകാല അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കാവുന്നതാണ്. ആയതിനുള്ള ശ്രമം നടത്തിയിട്ടുണ്ടോ എന്നതിന് പ്രതിമാസം ₹30000/- എങ്കിലും വാടക ഇനത്തിൽ നൽകേണ്ടി വരുമെന്നതിനാലാണ് ഇത്തരത്തിൽ ശ്രമം നടത്താത്തതെന്ന് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചു. സർക്കാർ നിർദ്ദേശ പ്രകാരമുള്ള വാഹന വാടക ഇനത്തിലുള്ള ചെലവിൽ മിതത്വം പാലിക്കുന്നതിന് പഞ്ചായത്ത് ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-13 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല

വൗച്ചർ നം.:- 22200131/30-05-2022, ചെലവഴിച്ച തുക :- ₹140000/-

കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും ₹10,000/- നിരക്കിൽ മെഡിക്കൽ ഓഫീസർക്ക് തുക അനുവദിച്ചിരുന്നു. പതിന്നാല് വാർഡുകൾക്കായി ആകെ ₹140000/- ആണ് അനുവദിച്ചത്. എന്നാൽ തുക യഥാവിധി ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് അവ നടപ്പാക്കുന്നതിനും അവയുടെ ചെലവ് രേഖകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട എഫ്.എച്ച്.സി. യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും (ഹെൽത്ത് ഇൻസ്പെക്ടർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്കൽ വിഭാഗം ഉദ്യോഗസ്ഥരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. ചെലവ് രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ.20-07-23) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക ₹140000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 മൂല്യനിർണയസാക്ഷ്യപത്രത്തിൽ അധികരിച്ച് ധനസഹായം നൽകി

| | |
|---|---|
| പദ്ധതി പേര്/ നമ്പർ | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ / 104/23 (S.O) (എസ്. സി. പി.) |
| അടങ്കൽ | ₹478026/- |
| ചെലവ് | ₹325208/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നെയ്ശ്ശേരി |
| ബിൽ നമ്പർ, തീയതി/തുക | 22100952005600683813/25-10-22/ 50000 |

വി.ഇ.ഒ. നടപ്പാക്കിയ 'വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ' എന്ന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. രാജമ്മ സുരേന്ദ്രന് ₹50000/- ധനസഹായം നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഓവർസിയറുടെ വാല്യുവേഷൻ പ്രകാരം ഇവരുടെ വീട് പുനരുദ്ധാരണം നടത്തിയതിന് ₹41057/- ആണ് ചെലവ്. ആകയാൽ പ്രസ്തുത തുകയ്ക്ക് മാത്രമാണ് ടി ഗുണഭോക്താവിന് അർഹതയുള്ളത്. അധികമായി ₹8943/-(50000-41057) നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീ.20-07-2023) സമർപ്പിച്ച മറുപടിയിൽ തുക അഡ്വാൻസായി ഗുണഭോക്താവിന് നൽകിയതാണെന്നും നിലവിൽ നടത്തിയിട്ടുള്ളതിൽ ഉപരിയായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യാൻ ഭർത്താവ് മരണപ്പെട്ടതിനാലും സാമ്പത്തിക ബുദ്ധിമുട്ട് മൂലവും ഗുണഭോക്താവിന് കഴിയുന്നില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി. യൂണിറ്റ് കോസ്റ്റിന്റെ 50% മുൻകൂർ നൽകാം എന്ന വ്യവസ്ഥയിലാണ് ₹50000/- നൽകിയത് എന്നും അറിയിച്ചു. ആശ്രയ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താവ് ആണെങ്കിൽ ടി പദ്ധതിയിൽപ്പെടുത്തി ഭവനം വാസയോഗ്യമാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

1-15 തരിശുഭൂമി കൃഷി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട നാമമാത്ര കർഷകരുടെ പുരയിടങ്ങളിൽ തരിശ് ഭൂമി കൃഷി ചെയ്യുന്നതിന് തൻവർഷം തുക ചിലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) <u>തരിശുഭൂമി കൃഷി യോഗ്യമാക്കൽ – വാർഡ് 14</u>

രമണി കുമാരൻ, ചരക്കോപ്പാറ എന്ന വ്യക്തിയുടെ തരിശുഭൂമിയിൽ പുല്ല് വെട്ടി മണ്ണ് നീക്കി കുഴി എടുത്ത് കൃഷിക്ക് യോഗ്യമാക്കുന്നതിനായി ₹188155/– നല്കിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രദേശത്ത് ഉല്പാദനപരമായി യാതൊന്നും കണ്ടില്ല.

2) <u>തരിശുഭൂമി കൃഷി യോഗ്യമാക്കൽ – വാർഡ് 4</u>

സജീവൻ ഇ.കെ. ഇലവുങ്കൽ എന്ന വ്യക്തിയുടെ തരിശുഭൂമി കൃഷിക്കായി ₹169806 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ടിയാളുടെ ഭൂമിയിൽ റബ്ബർ വച്ചു പിടിപ്പിച്ചതായാണ് പരിശോധനയിൽ കണ്ടത്.

സ.ഉ(സാധാ)നം.1009/2020/ ത.സ്വ.ഭ.വ തീയതി 29.05.2020 മാർഗ്ഗ രേഖ ഖ.2.1 പ്രകാരം തരിശ്കൃഷിക്ക് നെല്ല്, പച്ചക്കറി, വാഴ, പയർവർഗ്ഗങ്ങൾ മറ്റ് കിഴങ്ങുവർഗ്ഗങ്ങളുമാണ് കൃഷി ചെയ്യാവുന്നത്. കൂടാതെ ഹെക്ടറിന് പരമാവധി ധനസഹായ തുക ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുമുണ്ട്. മേൽ പദ്ധതികളിൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇനങ്ങൾ കൃഷി ചെയ്യുകയോ കാർഷിക പ്രവർത്തികൾ ചെയ്യുകയോ ചെയ്തിട്ടില്ല. പദ്ധതി നടത്തിപ്പ് സർക്കാർ മാർഗ്ഗ രേഖ പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ- ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

FHC യിലേക്ക് നിരീക്ഷണ ക്യാമറകളും നെറ്റ്‌വർക്കും സ്റ്റോറേജ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി കരിമണ്ണൂർ ഫസ്റ്റ്‌ലൈൻ ഹെൽത്ത് സെന്റർ- മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ആവിഷ്കരിച്ചതാണ് ഈ പദ്ധതി.

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 128/2023, നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ തുക, ഫണ്ട് | ₹100000/- (ആർദ്രം മിഷൻ ഗ്രാന്റ് ) |
| ചെലവ് തുക | ₹100000/- |

കോട്ടയം- PWD ഇലക്ട്രോണിക്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റും കത്തും പ്രകാരം (AEEELC-SDOKTM/123/2022/E2-PWD Dated 07.12.2022) ഡെപ്പോസിറ്റ് പ്രവൃത്തിക്കായി തിരുവനന്തപുരം- PWD ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തനത് ഫണ്ട് അക്കൗണ്ട് (നം. 799013000000994) ചെക്ക് നമ്പർ JN 5077676 തിയതി 30.01.2023 പ്രകാരം തുക കൈമാറിയിട്ടുണ്ട്.

1) പദ്ധതി നിർവ്വഹണ രീതി ടെണ്ടർ എന്നും സാധനസാമഗ്രികൾ വാങ്ങേണ്ടതില്ലെന്നും ഡെപ്പോസിറ്റ് വർക്ക് അല്ലെന്നുമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഡെപ്പോസിറ്റ് പ്രവൃത്തി എന്ന നിലയിൽ പദ്ധതി നിർവ്വഹിക്കുന്നതിനായി പണം നിക്ഷേപിച്ചു.

2) പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/22.07.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നൽകിയ കത്തിന് മറുപടിയായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയപ്പോൾ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ ആവശ്യപ്പെട്ടു എന്നും അത് പ്രകാരമാണ് തുക അടച്ചത് എന്നും നിലവിൽ പദ്ധതി ടെണ്ടർ ചെയ്തതായി അറിയാൻ കഴിഞ്ഞു എന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1) സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കും, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ തസ്വഭവ തീയതി 19.04.2022), പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022) എന്നിവയിലെ നിർദ്ദേശങ്ങൾക്കും അനുസൃതമായി പദ്ധതി വിഭാവനം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തേണ്ട സാഹചര്യമുണ്ടാകുമ്പോൾ റിവൈസ്ഡ് പ്രോജക്ടായി അംഗീകാരം ലഭ്യമാക്കി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) നിരീക്ഷണ ക്യാമറകളും നെറ്റ്‌വർക്കും സ്റ്റോറേജ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം- PWD ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ ഒരു ലക്ഷം രൂപയുടെ തുക വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-17 കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിൽ അപാകതകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനത്തിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 266/23,<br>കന്നുകുട്ടി പരിപാലനം വനിത | ₹14,00,000<br>(വികസന ഫണ്ട്- ജനറൽ-₹7,00,000<br>ഗുണഭോക്തൃ വിഹിതം- ₹7,00,000) | ₹7,00,000<br>(വികസന ഫണ്ട്- ജനറൽ-₹7,00,000)<br>ബിൽ നം. 4/20.02.23 |
| 255/23,<br>കന്നുകുട്ടി പരിപാലനം ജനറൽ | ₹8,25,000<br>(വികസന ഫണ്ട്- ജനറൽ-₹4,12,500<br>ഗുണഭോക്തൃ വിഹിതം- ₹4,12,500) | ₹4,12,500<br>(വികസന ഫണ്ട്- ജനറൽ- ₹4,12,500)<br>ബിൽ നം. 6/21.03.23 |

രണ്ടു പദ്ധതികളിലായി ആകെ ₹1112500/- കട്ടപ്പന ICDP യുടെ ട്രഷറി അക്കൗണ്ടിലേക്ക് (A/C. No. 710081400000031) കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല, പദ്ധതി ആനുകൂല്യം നൽകാൻ ആരംഭിച്ചിട്ടില്ല.

255/23 നമ്പർ പദ്ധതിക്കായി ഭരണസമിതിയുടെ 03.12.2022 ലെ, 1(1) നമ്പർ തീരുമാന പ്രകാരം 33 ഗുണഭോതാക്കളെ തിരഞ്ഞെടുക്കുകയും കാലിത്തീറ്റ വിതരണത്തിനായി കരിമണ്ണൂർ ക്ഷീര സഹകരണ സംഘത്തിനെയും നെയ്യശ്ശേരി ക്ഷീര സഹകരണ സംഘത്തിനെയും തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 266/23 നമ്പർ പദ്ധതിയിലേക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ രേഖകളും ഭരണസമിതി തീരുമാനവും ലഭ്യമല്ല. നിലവിൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാൻ ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി പദ്ധതികളുടെ വ്യക്തിഗത നാൾവഴി രജിസ്റ്റർ ഹാജരാക്കുവാൻ സാധിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. രണ്ട് പദ്ധതികളും 2022-23 വർഷത്തിൽ ആവിഷ്കരിക്കുകയും തുക കൈമാറുകയും ചെയ്തെങ്കിലും നാളിതുവരെയായിട്ടും ആനുകൂല്യം നൽകാൻ ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിടുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/22.07.2023) മറുപടിയായി പദ്ധതി 2023 ജൂലൈ മാസമാണ് ആരംഭിച്ചത് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1) ₹11,12,500/- ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം, ആനുകൂല്യം ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

3) സ്റ്റോക്ക് രജിസ്റ്റർ, വ്യക്തിഗത നാൾവഴി രജിസ്റ്റർ എന്നിവ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ വാർഷിക പരിശോധന നടത്തി സൂക്ഷിക്കേണ്ടതാണ്.

4) വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

1-17-1 കന്നുകുട്ടികളുടെ പരിപാലനത്തിനായി നിക്ഷേപിച്ചതിൽ അവശേഷിക്കുന്ന തുക ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ,<br>പേര് | 75/2022<br>കന്നുകുട്ടി പരിപാലനം ജനറൽ |
| അടങ്കൽ തുക | ₹2600000<br>(വികസന ഫണ്ട്- ജനറൽ-₹200000<br>ധനകാര്യ കമ്മീഷൻ അവാർഡ്- ₹450000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- ₹650000<br>ഗുണഭോക്തൃ വിഹിതം- ₹1300000) |
| ചെലവ് തുക | ₹650000<br>(വികസന ഫണ്ട്- ജനറൽ- ₹200000<br>ധനകാര്യ കമ്മീഷൻ അവാർഡ്- ₹450000) |

2021-22 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളതും നിലവിൽ നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതിയിലൂടെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചതിൽ 10 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ പല കാരണങ്ങളാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായി കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

പൂർണ്ണമായും ആനുകൂല്യം നൽകുവാൻ സാധിക്കാത്തവയുടെ വിശദാംശങ്ങൾ

| ക്രമ നം | കന്നുകുട്ടിയുടെ ടാഗ് നമ്പർ | ആനുകൂല്യം നൽകൽ | | നാളിതുവരെ നൽകിയ സബ്സിഡി | ബാക്കി |
|---|---|---|---|---|---|
| | | ആരംഭിച്ചത് | അവസാനിച്ചത് | | |
| 1 | 102844876325 | 29.06.22 | 28.01.23 | 6399 | 6101 |
| 2 | 420052504493 | നൽകിയില്ല | | 0 | 12500 |
| 3 | 420052504265 | 29.06.22 | 28.01.23 | 8205 | 4295 |
| 4 | 420047565784 | 29.06.22 | 23.03.23 | 8205 | 4295 |
| 5 | 102844876212 | 29.06.22 | - | 978 | 11522 |
| 6 | 102844765958 | 29.06.22 | 23.03.23 | 8205 | 4295 |
| 7 | 420052591948 | 29.06.22 | 23.03.23 | 8205 | 4295 |
| 8 | 420052591254 | 27.06.23 | 28.12.22 | 5496 | 7004 |
| 9 | 420052591881 | 27.06.23 | 28.12.22 | 5496 | 7004 |
| 10 | 102901570678 | 27.06.23 | 28.12.22 | 5496 | 7004 |
| ആകെ | | | | 56685 | 68315 |

ഓഡിറ്റ് നിർദ്ദേശം

1) പൂർണ്ണമായും ആനുകൂല്യം നൽകുവാൻ സാധിക്കാത്തതിനാൽ സബ്സിഡി ഇനത്തിൽ നൽകുവാൻ അവശേഷിക്കുന്ന തുകയായ ₹68,315/- മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2) വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ കന്നുകുട്ടിയുടെ ഇനം, കന്നുകുട്ടിയുടെ പ്രായം, കന്നുകുട്ടിയുടെ നമ്പർ, കന്നുകുട്ടിയുടെ തീറ്റ കൊടുത്തപ്പോഴുള്ള പ്രായവും തീയതിയും, സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിനുള്ള അവസാന തീയതി എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പരമാവധിയിലും അധികമായി നൽകിയ ധനസഹായം നിരാകരിക്കുന്നു. ₹6668/-

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥർ | ക്ഷീര വികസന ഓഫീസർ |
| പ്രോജക്ട് നം. | 190/2023 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന<br>ക്ഷീരകർഷകർക്ക് പാലിന് ധനസഹായം |
| അടങ്കൽ, ഫണ്ടിനം. | ₹3162040/-<br>വികസന ഫണ്ട് (ജനറൽ)- ₹662040<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹1500000<br>ജില്ലാ പഞ്ചായത്ത് വിഹിതം- ₹1000000 |

| | |
|---|---|
| ചെലവ് | ₹1938452/-<br>വികസന ഫണ്ട് (ജനറൽ)- ₹424630<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ₹615621<br>ജില്ലാ പഞ്ചായത്ത് വിഹിതം- ₹898201 |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്.) നം.115/2022 തസ്വഭവ, തീയതി. 28.05.22 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹3/- നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനായി ഒരു പദ്ധതി 2022-23 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന പാലിന് ആനുപാതികമായി 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള മാസങ്ങളിൽ ലിറ്ററൊന്നിന് ₹3/- നിരക്കിൽ ഇൻസെന്റീവ് നൽകാനാണ് പ്രോജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. രേഖകളുടെ പരിശോധനയിൽ സാമ്പത്തിക വർഷം മുഴുവനും ആനുകൂല്യം നൽകുന്നതിന് സാധിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പദ്ധതിയ്ക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനെ തുടർന്ന് 2023-24 വർഷത്തേയ്ക്ക് സ്പിൽ ഓവറാക്കിയിട്ടുണ്ട്.

**2) ക്ഷീര കർഷകന് നൽകാവുന്ന പരമാവധിയിലും അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.**

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.115/2022 തസ്വഭവ, തീയതി. 28.05.22 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹3/- നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി രേഖകൾ, വെബ് സാംഖ്യ എന്നിവ പരിശോധിച്ചതിൽ രണ്ട് ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധിയിലും അധികമായി തുക നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/അക്കൌണ്ട് നം. | ഫണ്ട് | ബിൽ നം. | ട്രഷറി നം. | തുക |
|---|---|---|---|---|---|
| 1 | ജോഷി ലൂക്കോസ് 00050020002947 ICICI Bank THE THODUPUZHA CO OP BANK LTD (IFSC:ICIC00TPZCB) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2210095200 3701317736 | 22100900 0000005942 | 5499 |
| | | " | 2210095200 3701317752 | 22100900 0000005941 | 5500 |
| | | " | 2210095200 3701317841 | 22100900 0000005940 | 4619 |
| | | " | 2210095200 3701317853 | 22100900 0000005939 | 3233 |
| | | വികസന ഫണ്ട് (ജനറൽ) | 2210095200 3701412777 | 22100900 0000006324 | 8604 |
| | | " | 2210095200 3701578860 | 22100900 0000006717 | 13857 |
| | ആകെ | | | | 41312 |
| 2 | ഷീബ ജോസഫ് തുറക്കൽ KERALA GRAMIN BANK KARIMANNUR (IFSC:KLGB0040339) - 40339101057962 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2210095200 3701317736 | 22100900 0000005942 | 9131 |
| | | " | 2210095200 3701317752 | 22100900 0000005941 | 3700 |
| | | " | 2210095200 3701317841 | 22100900 0000005940 | 3300 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 2210095200 3701508392 | 22100900 0000005945 | 7092 |
| | | " | 2210095200 3701508437 | 22100900 0000006523 | 7097 |
| | | " | 2210095200 3701508578 | 22100900 0000006532 | 2250 |
| | | " | 2210095200 3701508597 | 22100900 0000006514 | 2793 |
| | | വികസന ഫണ്ട് | 2210095200 3701412777 | 22100900 0000006324 | 2793 |
| | | " | 2210095200 3701578860 | 2210090 00000006717 | 7200 |
| | ആകെ | | | | 45356 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.07.2023) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1) പരമാവധിയിലും അധികമായി നൽകിയ ₹6668/- (ശ്രീ. ജോഷി ലൂക്കോസ്- ₹1312/- + ശ്രീമതി. ഷീബ ജോസഫ്- ₹5356/-) തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

2) സാമ്പത്തിക വർഷത്തിൽ ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക പ്രോജക്റ്റിൽ വകയിരുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തതിൻ പ്രകാരം നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് മുഴുവൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്റ്റ് മോണിറ്ററിംഗ് നിർവ്വഹിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ആയതിലേക്ക് മൃഗസംരക്ഷണം - ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-19 ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി.സഹിതമുള്ള ബിൽ മാറി നൽകി

പ്രോജക്റ്റ് വിവരം

പ്രോജക്റ്റ് നം/ പേര് : 9/2023, പൂരക പോഷകാഹാര പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 1316411 | 1316411 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 500000 | 84575 |
| തനത് ഫണ്ട് | 383589 | 383589 |
| ആകെ | 2200000 | 1784575 |

ചെലവ് വിവരം

| Sl. No. | Bill No. | Allotment No. | Head | Amount |
|---|---|---|---|---|
| 1 | 57/ 25-08-2022 | 59/ 23-08-2022 | Development Fund - General | 533635 |
| 2 | 100/ 20-10-2022 | 103/ 20-10-2022 | Development Fund - General | 17359 |
| 3 | 159/ 23-12-2022 | 168/ 23-12-2022 | Development Fund - General | 167192 |
| 4 | 187/ 09-01-2023 | 189/ 09-01-2023 | Development Fund - General | 81386 |
| 5 | 239/ 13-02-2023 | 244/ 13-02-2023 | Development Fund - General | 450127 |
| 6 | 340/ 16-03-2023 | 333/ 15-03-2023 | Development Fund - General | 66712 |
| 7 | 366/ 24-03-2023 | 390/ 24-03-2023 | Centrally Sponcered Fun- Intergrated Child Development Service | 84575 |
| 8 | 58/ 25-08-2022 | 60/ 23-08-2022 | Own Fund | 178834 |
| 9 | 101/ 20-10-2022 | 104/ 20-10-2022 | Own Fund | 204755 |
| Total | | | | 1784575 |

CGST Act, 2017 ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഇടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/-(₹70.00 + ₹3.50) ആണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, ഗ്രാമപഞ്ചായത്തിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത Navodaya Nutrimix- Kudumbasree Unit, Amayapra, Udumbannoor P.O. എന്ന സ്ഥാപനത്തിനും Amtrutham Nutrimix, Udumbannoor എന്ന സ്ഥാപനത്തിനും ബിൽ തുക മാറി നൽകിയിട്ടുള്ളത് 5 ശതമാനം ജി.എസ്.ടി. സഹിതമാണ്. സ്ഥാപനം നൽകിയിട്ടുള്ള ബിൽ ഓഫ് സപ്ലൈയിൽ ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കിയത് കാരണം ₹22,216/- അധികമായി സ്ഥാപനങ്ങൾക്ക് നൽകുവാൻ ഇടയായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം, ബാങ്ക് അക്കൗണ്ട് വിവരം | ബിൽ ഓഫ് സപ്ലൈ നമ്പർ/ തീയതി | വാങ്ങിയ അളവ് (കിലോഗ്രാം) | ആകെ ഈടാക്കിയ തുക @₹73.50/ കി.ഗ്രാം | ഈടാക്കാവുന്ന തുക @₹70/ കി .ഗ്രാം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | Navodaya Nutrimix Kudumbasree Unit, Amayapra, Udumbannoor PO State Bank Of India ( SBIN0070161 ) 67054228244 | 07/08.04.22 | 799.5 | 58763 | 55965 | 2978 |
| | | 12/16.12.22 | 837 | 61519 | 58590 | 2929 |
| | | 23/10.01.23 | 931 | 68429 | 65170 | 3259 |
| | | 36/13.02.23 | 855 | 62843 | 59850 | 2993 |
| | | 45/22.03.23 | 959 | 70487 | 67130 | 3357 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 322041 | 306705 | 15516 |
| 2 | Amtrutham Nutrimix Unit KERALA GRAMIN BANK ( KLGB0040356 ) 40356111000238 | 31/07.10.22 | 882 | 64827 | 61740 | 3087 |
| | | 47/07.11.22 | 1032.5 | 75888 | 72275 | 3613 |
| | | | | 140715 | 134015 | 6700 |
| | ആകെ | | | 462756 | 440720 | 22216 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/02.08.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ഇനി മുതലുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ജി.എസ്.ടി. കോമ്പോസിഷൻ ഓപ്ട് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ Tax Invoice പകരം Bill Of Supply ആണ് നൽകുന്നത്. അമൃതം ന്യൂട്രിമിക്സ് വിതരണക്കാരായ അത്തരം നികുതിദായകരുടെ ബില്ലിൽ 5% ജി.എസ്.ടി. കുറവ് ചെയ്ത് കി.ഗ്രാമിന് ₹70/- (78.50-3.50) മാത്രം അനുവദിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് ഭക്ഷണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനം

| | |
|---|---|
| പ്രോജക്ട് നം, പേര് | 159/ 2023,<br>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് ഭക്ഷണം |
| അടങ്കൽ തുക, ഫണ്ടിനം | ₹50,000, തനത് ഫണ്ട് |
| ചെലവ് തുക, ബിൽ നമ്പർ, തീയതി, | ₹50,000, |
| തുക ലഭിച്ച ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ | ബെന്നി. വിവി,<br>IFSC : FDRL0001716<br>A/C No : 17160100022188 |

കരിമണ്ണൂർ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് ഭക്ഷണം നൽകുന്നതിനായി 2022-23 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022/ തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 7.4.4 പ്രകാരം സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾക്ക് SPC (Student Police Cadet) പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ള തുക (സ്കൂൾ ഒന്നിന് ₹20000/- യിൽ അധികരിക്കാതെ) വിനിയോഗിക്കാവുന്നതാണ്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ലഭ്യമാക്കിയ മറുപടിയിൽ സ.ഉ.(സാധാ) നം. 03/2012/തസ്വഭവ തീയതി 02.01.2012 പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനമനുസരിച്ചാണ് പ്രോജക്ട് നടപ്പാക്കിയത് എന്ന് അറിയിച്ചു. മറുപടിയിൽ സൂചിപ്പിക്കുന്ന കാരണങ്ങൾ ബോധ്യപ്പെടുത്തി ഇത്തരം പദ്ധതി ചെലവുകൾക്ക് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമനം | പദ്ധതിയുടെ പേര്, പ്രോജക്ക്ട് നമ്പർ | ബിൽ നമ്പർ/ വൗച്ചർ നം | തുക (₹) |
|---|---|---|---|
| 1 | ഹോമിയോ<br>ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 5/23 | 221009520041009828801/<br>31.12.2022 | 300000 |
| 2 | ഐ.കെ.എം. വിഹിതം നൽകൽ, 38/23-<br>എെ.കെ.എം. എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയത്. | | 40693 |
| 3 | എസ്.എസ്.കെ.വിഹിതം (ജനറൽ), 178/23 | | 200000 |
| 4 | തേക്കിൻകൂട്ടം ജംഗ്ഷനിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 205/23 (തനത് ഫണ്ട്) | വൗച്ചർ നമ്പർ- 22201045/<br>29.03.23-25000/-<br>വൗച്ചർ നമ്പർ-22201059/<br>29.03.23-13390/- | 38390 |
| 5 | സ്ട്രീറ്റ് ലൈൻ വലിക്കൽ, 195/22-23 | 22100952004101284544/<br>03.03.23-500000<br>വൗച്ചർ നമ്പർ-22200949/<br>08.03.23-429604 | 929604 |
| 6 | കോക്ലിയാർ ഇൻപ്ലാന്റ് മെയിന്റനൻസ്-സാമൂഹ്യസുരക്ഷാ മിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ, 254/23 | 22100952004100900478/<br>13.12.2022 | 50000 |
| 7 | നെയ്യശ്ശേരി പാഴൂർക്കര റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 281/23 | 22100952004101284537/<br>03.03.2023 | 99238 |
| | | ആകെ | 1657925 |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഏഴ് പദ്ധതികളിലായുള്ള ആകെ ₹1657925/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ-ടെണ്ടർ നടപടികളിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ വർക്ക് സൈറ്റുകളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചുമതല കുടുബശ്രീയെ ഏല്പിച്ചിട്ടുള്ളതും കഴിഞ്ഞ രണ്ടു വർഷമായി കുടുംബശ്രീ ടി പ്രവർത്തി ചെയ്തുവരുന്നതുമാണ്. 28/2/22ലെ 5/6 നമ്പർ തീരുമാന പ്രകാരം 2022-23 വർഷം നടപ്പാക്കുന്ന വർക്കുകളുടെ സൈറ്റുകളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുടുബശ്രീയുടേതുൾപ്പെടെ നിരവധി ടെണ്ടറുകൾ ലഭിച്ചിരുന്നു. എന്നാൽ കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത മറ്റ് ടെണ്ടറുകൾ ഒഴിവാക്കി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് 07.04.2022 ലെ 2/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം കുടുബശ്രീയെ ഏല്പിച്ചു. അതിൻ പ്രകാരം കരിമണ്ണൂർ കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് 4*3 അളവിലുള്ളത് ₹4800/- നിരക്കിലും, 3*2 അളവിലുള്ളത് ₹2900/- നിരക്കിലും നിർമ്മിച്ച് വർക്ക്സൈറ്റുകളിൽ സ്ഥാപിക്കുന്നതിന് ടെണ്ടർ അംഗീകരിച്ച് നല്കി. 5*4 അളവിലുള്ളത് 24 എണ്ണവും 3*2 അളവിലുള്ളത് 92 എണ്ണവുമാണ് കുടുബശ്രീ മുഖേന സ്ഥാപിച്ച ബോർഡുകൾ. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചത് ക്രമവിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പരമാവധിയിലും അധികമായി നൽകിയ തുക ₹6668/- തിരികേ ഈടാക്കേണ്ടതാണ്.

ക്ഷീരകർഷകർക്ക് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി (₹4000) തുകയിൽ അധികമായി നൽകിയത് മൂലം ₹6668/- പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-18 ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേര് വിവരം ഖണ്ഡിക 4-9 (ബി)- ൽ ചേർത്തിട്ടുണ്ട്. പ്രസ്തുത വ്യക്തികളിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | ജില്ലാപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| പാലിയേറ്റീവ് പരിചരണപരിപാടി | 2022-23 | | 421931 | 421931 | 0 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ബത്ത നല്കൽ | 2022-23 | 340300 | 299450 | 639750 | 0 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2022-23 | 40000 | | 40000 | 0 |
| ഞങ്ങളും കൃഷിയിലേക്ക് -സംയുക്ത നെൽകൃഷി പദ്ധതി -വിത്ത് വിതരണവും സ്ഥിരം കൃഷിക്കുള്ള ധനസഹായവും | 2022-23 | 407100 | 235000 | 642100 | 0 |
| പാലിയേറ്റീവ് പരിചരണപരിപാടി- റ്റി.എസ്.പി | 2022-23 | | 30000 | 30000 | 0 |
| ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിനു ധനസഹായം | 2022-23 | 898201 | 615621 | 1513822 | 0 |
| സുവർണ്ണഭവനം പദ്ധതി | | 400000 | | 400000 | 0 |
| ആകെ | | 2085601 | 1602002 | 3687603 | |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 195/23, സ്ട്രീറ്റ് ലൈൻ വലിക്കൽ | 22200949/ 8.3.2023 | 929604 | 0 | 929604 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 281/23 നെയ്യശ്ശേരി പാഴൂക്കര റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ലഭ്യമല്ല | 99238 | 0 | 99238 |
| PWD | 128/2023 നിരീക്ഷണക്യാമറ സ്ഥാപിക്കൽ | ചെക്ക് നം. JN/5077676 തീയതി 30.01.23 | 100000 | 0 | 100000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പാ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ച |
|---|---|---|---|---|---|---|

| | | | | ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | മുതൽ | ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ്) | സ.ഉ.(സാ)നം. 111/18/ത.സ്വ.ഭ.വ തി.13.08.2018 | 17802809 | 0 | 14166573 | 1907322 | 12259251 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 493433 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ | 28990 |
| ആകെ | 522423 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 522423 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 35 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |
| 2 | 2000-01 | 36 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ. 30.04.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹2,03,70,184 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹2,88,11,904 |
| ആകെ | : | ₹4,91,82,088 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | ₹2,64,14,744 |
| നീക്കിയിരിപ്പ് | : | ₹2,27,67,344 |
| (കുറിപ്പ്:-2022-23 ലെ റെസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹6,628 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹29,10,425 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | ₹6,668 | സുധീഷ് എം.പി., ക്ഷീര വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹1,40,000 | ശ്രീ. ഷാജു മാത്യു, സെക്രട്ടറി |
| 1-17 | ₹11,12,500 | ഡോ. നീതു കെ.പി., വെറ്ററിനറി സർജൻ |
| 1-21 | ₹16,57,925 | ശ്രീ.അഗസ്റ്റ്യൻ വി.എ., സെക്രട്ടറി |
| ആകെ | ₹29,10,425 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാജു മാത്യു, സെക്രട്ടറി | സെക്രട്ടറി<br>കോടിക്കുളം<br>ഗ്രാമപഞ്ചായത്ത് | മഞ്ചപ്പിള്ളിൽ, പെരുംപിള്ളിച്ചിറ പി.ഒ., തൊടുപുഴ |
| ശ്രീ.അഗസ്റ്റ്യൻ വി.എ. സെക്രട്ടറി | സെക്രട്ടറി,<br>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | വരിക്കക്കൽ,<br>വണ്ടമറ്റം പി.ഒ., തൊടുപുഴ |
| ശ്രീ. പൗലോസ് എം.ഒ.<br>ഹെഡ് മാസ്റ്റർ, ജി.യു.പി.സ്കൂൾ | ഗവ.എൽ.പി.സ്കൂൾ കുമാരമംഗലം | മാറാച്ചേരി പുത്തൻപുരയിൽ, മില്ലുംപടി,<br>കുമാരമംഗലം പി.ഒ. |
| സുധീഷ് എം.പി.<br>ക്ഷീരവികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ, ഇളംദേശം | മുഴിക്കൽ വീട്,<br>അരിക്കുഴ പി.ഒ.<br>തൊടുപുഴ |
| മെൽഡ ഡേവിഡ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>കരിമണ്ണൂർ<br>ഗ്രാമ പഞ്ചായത്ത് | പുതുപ്പള്ളിൽ,<br>മൈലക്കൊമ്പ് പി.ഒ.<br>തൊടുപുഴ |
| നിത്യ പി.എസ്.<br>വി.ഇ.ഒ. | വി.ഇ.ഒ. വാഴക്കുളം<br>ബ്ലോക്ക് പഞ്ചായത്ത്,<br>സൗത്ത് വാഴക്കുളം പി.ഒ. | ആലം പ്ലാക്കൽ,<br>ചങ്ങമ്പുഴ റോഡ്<br>ഇടപ്പിള്ളി പി.ഒ.<br>കൊച്ചി-24 |
| ഡോ. നീതു കെ.പി.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കരിമണ്ണൂർ വെറ്ററിനറി ഡിസ്പെൻസറി | കോലക്കാടൻ, നെടുങ്ങപ്ര പി.ഒ. പെരുമ്പാവൂർ |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ.10/98/ 2015/<br>23.01.2015 | 1 | 3-1 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/ 1025/16 29.07.16 | 4 | 2-1,3-5,3-6,3-7 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/407/17/ 18.04.2017 | 5 | 3-2,3-3,3-4,3-5,3-7 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/560/17/ 01.12.2017 | 4 | 3-1,3-2,3-3,3-4 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-10/1033/19/<br>21.04.2020 | 3 | 1-23(1),1-23(3),1-26 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/296/21/ 07.05.2021 | 23 | 1-13 മുതൽ 1-23 വരെ, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-33 മുതൽ 1-38 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-10/402/2022/<br>6-5-2022 | 10 | 1-10,1-12,1-13,1-14,1-15,<br>1-16,1-17,1-18,1-21,4-11 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.4-130/2023/<br>25/03/2023 | 8 | 1-9,1-9-1,1-9-4, 1-10<br>മുതൽ 1-13 വരെ, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 04-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karimanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karimanoor Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Karimanoor Grama Panchayat for the Year 2022-2023.**

**1.Major Observations**

1. All Mandatory financial statements prescribed in accounting rules are not submitted for audit.

2. Non-disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1. The payment amount not transfered to payees account is not included in stale cheque head.

2. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

3. Liability amount shown are liability in balance sheet does not match with bank account shown in balance sheet.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്